"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in
ഫോൺ (ഓഫീസ്): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

സംഗ്രഹം

ട്രാൻസ്ഫോർമറിന്റെ ഡി.ഓ ഫ്യൂസ് കെട്ടാൻ ശ്രമിക്കുന്നതിനിടെ 2018- ലെ നാലു അപകടങ്ങളുമായി ബന്ധപ്പെട്ട് - ഡി.ഓ ഫ്യൂസ് കെട്ടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ബോർഡ് സ്ഥാപിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോർപ്പറേറ്റ് ഓഫിസ് (എസ് ബി യു - ഡി)

ബോ. ഉ (സി.എം.ഡി) നം : 546/ 2018 (സി.എസ്.സി/സേഫ്റ്റി/ 2018) തിരുവനന്തപുരം തീയതി : 28.02.2018.

2018- ൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ഡി. ഒ ഫ്യൂസ് കെട്ടുമ്പോൾ ഉണ്ടായ അപകടങ്ങൾ താഴെ വിവരിക്കുന്നു

1. ആലക്കോട് ഇല: സെക്ഷനിൽ 11.1.2018-നുണ്ടായ വൈദ്യുത അപകടത്തെ തുടർന്ന് ബോർഡ് ജീവനക്കാരൻ ശ്രീ പ്രസാദ്, ലൈൻ മാൻ മരണപ്പെടുകയുണ്ടായി. എ ബി സ്വിച്ച് ഓപ്പൺ ചെയ്താൽ ട്രാൻസ്ഫോർമറിലേക്കുള്ള വൈദ്യുതി നിലയ്ക്കില്ല എന്നറിയാതെയും, വൈദ്യുതി ലൈൻ ഓഫ് ചെയ്ത ശേഷം വൈദ്യുത് ബന്ധം വേർപെട്ടോ എന്ന് കൃത്യമായി പരിശോധിക്കാതെയും, ലൈനിൽ സ്പർശിക്കും മുൻപ് സുരക്ഷയുടെ ആദ്യഭാഗമായി ചെയ്യേണ്ടതായ ലൈൻ എർത്തിംഗ് ചെയ്യാതെയും ട്രാൻസ്ഫോർമറിൽ കയറിയതാണ അപകട കാരണം. ടി വർക്ക് സൂപ്പർവൈസ് ചെയ്തത് പുതിയതായി പ്രൊമോഷനായി വന്ന ഓവർസിയർ ആണ്.

2. മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ ഹോട്ടൽ ട്രാവൻകോർ റീജൻസിയിലേക്ക് കണക്ഷൻ നൽകിയ ട്രാൻസ്ഫോർമറിൽ നിന്നും വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നതായി 10.1.2018 - നു പരാതി ഓഫീസിൽ ലഭിച്ചു. സൺ ഡൈസ് മീറ്റിംഗിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലും പരാതി ബുക്കിൽ രേഖപ്പെടുത്തിയ പരാതിയുടേയും അടിസ്ഥാനത്തിലും വർക്ക് അലോക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം സബ് എഞ്ചിനിയറും ഓവർസിയറും സ്ഥലത്ത് പോകാതെ പരാതി പരിഹരിക്കാനായി ലൈൻമാന്മാരായ സന്തോഷിനേയും ആന്റണിയേയും നിയോഗിച്ചു. കാലഹരണപ്പെട്ടതും, രണ്ടായി ഒടിഞ്ഞ് പോയതും, ശരിയായ രീതിയിൽ കേബിൾ എർത്ത് റോഡിൽ ഉറപ്പിക്കാത്ത നിലയിലുള്ളതും , 90 Cm -ൽ താഴെ മാത്രം നീളമുള്ളതും, സ്കാപ്പ് ചെയ്യേണ്ടതുമായ എർത്ത് റോഡ് നീളക്കുറവായതിനാൽപോസ്റ്റിന്റെ ഡി പി സ്ട്രക്ച്ചറിൽ കയറി നിന്നു കൊണ്ട് ട്രാൻസ്ഫോർമറിന്റെ എ. ബി സ്വിച്ച് ഓഫ് ആക്കാതെ, 11 കെ വി സപ്ലൈ ഉള്ള ലൈവ് ലൈനിലേക്ക് നേരിട്ട് മുട്ടിച്ചു. എർത്ത് റോഡിലെ കേബിളിന്റെ ഒരു വശം പോസ്റ്റിൽ ചുറ്റിയിട്ടുള്ള എർത്ത് കമ്പിയിൽ ചുറ്റിയിരിന്നു. ടി സമയമുണ്ടായ ഫ്ളാഷിൽ ശ്രീ. സന്തോഷ് താഴേക്ക് ഭയന്ന് ചാടുകയും സമീപത്തുള്ള കനാലിലേക്ക് വീഴുകയും വീഴ്ചയിൽ പരിക്കേൽക്കുകയുമാണുണ്ടായത്.

3. ഇല: സെക്ഷൻ, മേലെമുറി, പാലക്കാട് ശ്രീ .മുഹമ്മദ് ആരിഫ് എന്ന ലൈമാൻ ട്രാൻസ്ഫോർമറിന്റെ ഡി ഓ ഫ്യൂസ് കെട്ടാൻ പോകുകയും എ ബി സ്വിച്ച് ഓഫ് ചെയ്യാതെയും എർത്ത് റോഡ് ലൈനിൽ

മുട്ടിക്കാതെയും ട്രാൻസ്ഫോർമറിന്റെ ഫ്യൂസ് കെട്ടാൻ ശ്രമിക്കവെ ഷോക്ക് ഏൽക്കുകയും പൊള്ളലേൽക്കുകയും ഉണ്ടായി .

4. കടക്കാവൂർ ഇല: സെക്ഷനിൽ 7.2.2018 – ന ട്രാൻസ്ഫോർമറിന്റെ ഡി ഓ ഫ്യൂസ് കെട്ടാൻ ശ്രമിക്കുന്നതിനിടെ ഷോക്കേൽക്കുകയും പൊള്ളലേൽക്കുകയുമുണ്ടായി . ടി ട്രാൻസ്ഫോർമറിന്റെ എ ബി സ്വിച്ച് ഓപ്പൺ ചെയ്തങ്കിലും ഒരു ലിംബ് നേരെ നൽകിയിരിക്കുകയായിരിന്നു ഈ കാര്യം അപകടം പറ്റിയ ഓവർസിയർ ശ്രീ ശ്രീകുമാറിനടക്കം ഓഫീസിലെ എല്ലാവർക്കും അറിവുള്ളതാണ്. ഇവിടെ സുരക്ഷയുടെ ആദ്യ ഭാഗമായി ചെയ്യേണ്ട എർത്തിംഗ് ചെയ്തിരുന്നു എങ്കിൽ താഴെ നിന്നു തന്നെ സപ്ലൈ ഉണ്ടന്ന് മനസ്സിലാക്കാനും ഈ അപകടം ഒഴിവാക്കാനും കഴിയുമായിരുന്നു.

ആദ്യത്തെ രണ്ട് അപകടങ്ങൾ ഉണ്ടായപ്പോൾ തന്നെ ഈ ഓഫീസിൽ നിന്നും നൽകിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുഴുവൻ ജീവനക്കാരേയും അഭിസംബോധന ചെയ്തകൊണ്ട് സമാന അപകടങ്ങളുണ്ടാവാതിരിക്കാനായിപ്രത്യേക കത്ത് നൽകുകയും എല്ലാ സെക്ഷനിലേയും സൺ മൈസ് മീറ്റിംഗിലടക്കം വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്തതാണ്. ഇതിനു ശേഷവും ഒരേ രീതിയിലുള്ള അപകടങ്ങൾ തുടരുന്നു.

മേൽ സാഹചര്യത്തിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നടപടിക്രമങ്ങളടങ്ങിയ ബോർഡ് എല്ലാ ജീവനക്കാരും ദിവസ്സവും കാണുന്ന നിലയിൽ എല്ലാ സെക്ഷൻ ഓഫീസിലും സ്ഥാപിക്കുന്നത് ഇത്തരം അപകടം ആവർത്തിക്കാതിരിക്കാൻ സഹായകരമായിരിക്കും ഡി.ഓ ഫ്യൂസ് കെട്ടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിക്കുന്ന ഒരു ബോർഡ് 1..5 മീറ്റർ നീളവും 0.75 മീറ്റർ വീതിയിലുമുള്ള കളർ ഫ്ളെക് ബോർഡിൽ നിർമ്മിച്ച് എല്ലാ സെക്ഷനിലേയും മീറ്റിംഗ് ഹാളിൽ സ്ഥാപിക്കുന്നതിന് ബോർഡ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയരക്ടറുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ്/-

സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ-(സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സേഫ്റ്റി)